**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1473** **14-03-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ വീട് പൂർണ്ണമായി തകർന്ന മുകുന്ദപുരം താലൂക്ക് ചെങ്ങാലൂർ വില്ലേജിലെ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ, എളയത്ത്‌വീട് എന്ന അപേക്ഷകയ്ക്ക് അനുവദിച്ച എസ്.ഡി.ആർ.എഫ്. വിഹിതമായ 95100/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്. വിഹിതമായ 304900/- രൂപ കൂടി അനുവദിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിനും തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | മുകുന്ദപുരം താലൂക്ക്, ചെങ്ങാലൂർ വില്ലേജിൽ ലക്ഷ്മിക്കുട്ടിയമ്മ എളയത്ത് വീട് എന്നവരുടെ വീടിന് 06.08.2019 നുണ്ടായ ശക്തമായ മഴയിൽ വീടിനരികിലുള്ള തേക്കുമരം മറിഞ്ഞ് വീണ് പൂർണ്ണനാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. 2019ലെ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട റീബിൽഡ് സോഫ്റ്റ് വെയറിൽ അപേക്ഷകയുടെ പേര് ഉൾപ്പെട്ടിരുന്നില്ല. അപേക്ഷക പ്രകൃതിക്ഷോഭ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രകൃതിക്ഷോഭം കാരണം വീടുകൾക്ക് പൂർണ്ണനാശനഷ്ടമുണ്ടാകുമ്പോൾ അനുവദിക്കാറുള്ള സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള 95,100/- രൂപ 2020 ഫെബ്രുവരി മാസത്തിൽ അപേക്ഷകയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ 2019 ലെ പ്രളയത്തിൽ വീടുകൾക്ക് പൂർണ്ണനാശനഷ്ടത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിച്ചുകിട്ടുമെന്ന് കരുതി വീട് നിർമ്മാണം പൂർത്തീകരിച്ച അപേക്ഷക ബാക്കി തുകയായ 3,04,900/-രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ചുകിട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുകയും പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ശ്രീമതി.ലക്ഷ്മിക്കുട്ടിയമ്മക്ക് അനുവദിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ